# സപ്ലൈകോയുടെ ഏഴ് വില്പനശാലകളുടെ ഉദ്ഘാടനം മൂന്നിന്

സപ്ലൈകോയുടെ നവീകരിച്ച ഏഴ് വില്പന ശാലകളുടെ ഉദ്ഘാടനം ഫെബ്രുവരി മൂന്നിന് വൈകിട്ട് നാലിന് ഭക്ഷ്യ- സിവിൽ സപ്ലൈസ് മന്ത്രി പി. തിലോത്തമൻ വീഡിയോ കോൺഫറൻസ് വഴി നിർവ്വഹിക്കും. എറണാകുളം – പോത്താനിക്കാട് മാവേലി സൂപ്പർ സ്റ്റോർ, മാറമ്പിള്ളി മാവേലി സൂപ്പർ സ്റ്റോർ, ആലപ്പുഴ – തൃക്കുന്നപ്പുഴ സൂപ്പർ മാർക്കറ്റ്, മലപ്പുറം – കൊളത്തൂർ മാവേലി സൂപ്പർ സ്റ്റോർ, കോഴിക്കോട് - തുറയൂർ സൂപ്പർ മാർക്കറ്റ്, വയനാട് – മേപ്പാടി സൂപ്പർ മാർക്കറ്റ്, എന്നിവയാണ് ഉദ്ഘാടനം ചെയ്യുക. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണ് ചടങ്ങ് നടത്തുക.

**പബ്ളിക് റിലേഷൻസ് ഓഫീസർ.**
**സപ്ളൈകോ.**